**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 663** **06-12-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനായി എറണാകുളം ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദവിവരം ലഭ്യമാക്കാമോ; | (എ) | പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം - 2022 പ്രകാരം സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനായി എറണാകുളം ജില്ലയിൽ നിന്നും ഒരു അപേക്ഷ ലഭ്യമായിരുന്നു. മെ. ഇലാഹിയ ട്രസ്റ്റിന്റെ അപേക്ഷയാണ് ലഭിച്ചത്. |
| (ബി) | പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത അപേക്ഷ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ പരിശോധിച്ച് സർക്കാരിൽ ലഭ്യമാക്കുകയും സ്റ്റേറ്റ് ലവൽ സെലക്ഷൻ കമ്മിറ്റിയിൽ പരിഗണിക്കുകയും ചെയ്തു. ഭൂമിയുടെ തരം സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ കൺകറൻസ് ലഭിച്ച ശേഷം പരിഗണിക്കുന്നതിനായി കമ്മിറ്റി ടി കേസ് മാറ്റി വെച്ചു. ഇപ്പോൾ റവന്യൂ വകുപ്പിന്റെ കൺകറൻസ് ലഭിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിന്റെ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള അപേക്ഷ യ്ക്കെതിരെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് പ്രമേയം പാസ്സാക്കുകയും വ്യവസായ പാർക്ക് നിലവിൽ വന്നാൽ പരിസ്ഥിതിയെയും ജനജീവിതത്തെയും ബാധിക്കുമെന്ന് അറിയിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സർക്കാരിൽ അപേക്ഷ നൽകുകയും ചെയ്തു. ടി അപേക്ഷയിന്മേൽ നിജസ്ഥിതി റിപ്പോർട്ട് സർക്കാർ ആരാഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ